<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3966**</u> <u>**15-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**റേഷൻ കാർഡ് ഉടമകൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര റേഷൻ കാർഡ് ഉടമകളാണുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ **അനുബന്ധം-I ആയി** ചേർക്കുന്നു. |
| (ബി) | വിവിധയിനം റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ കടകൾ വഴി നിലവിൽ ലഭിക്കുന്ന ഉത്പന്നങ്ങൾ, അവയുടെ അളവ്, വില എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ **അനുബന്ധം-II ആയി** ചേർക്കുന്നു. |
| (സി) | കൂടുതൽ നിത്യോപയോഗ സാധനങ്ങളും പലവ്യഞ്ജനങ്ങളും സബ്സിഡി നിരക്കിൽ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | റേഷൻ കടകൾ മുഖേന പൊതുജനങ്ങൾക്ക് കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളും നൽകുന്നതിന്റെ ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തികൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന റേഷൻ കടകളിൽ മിനി അക്ഷയ സെന്ററുകൾ, ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ സപ്ലൈകോയുടെ സബ്സിഡി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്.<br><br>കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും 05 റേഷൻ കടകൾ എന്ന രീതിയിൽ (ആകെ 70 എണ്ണം) തെരഞ്ഞെടുത്ത് പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം | (ഡി) | 15/07/2021 വരെ അനർഹമായി കൈവശം |

| | | | |
|---|---|---|---|
| | അർഹതയില്ലാത്ത ബി.പി.എൽ. റേഷൻ കാർഡുടമകളിൽ എത്രപേർ ആ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ടെന്നും വകുപ്പുതല നടപടികളിലൂടെ എത്ര അനർഹരെ കണ്ടെത്തിയെന്നും അറിയിക്കാമോ; | | വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിന്റെ അടിസ്ഥാനത്തിലും പരിശോധനകളിലൂടെയും പരാതികളി ന്മേലുള്ള നടപടികളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30/04/2022 വരെ 1,72,312(എ.എ.വൈ - 14701+പി.എച്ച്.എച്ച് - 90798, എൻ.പി.എസ്-66813) കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ആയതു പ്രകാരം സൃഷ്ടിക്കപ്പെട്ട ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 17,505 എ.എ.വൈ കാർഡുകളും 2,33,386 പി.എച്ച്.എച്ച് കാർഡുകളും അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഇങ്ങനെ റദ്ദാക്കപ്പെട്ട ബി.പി.എൽ. കാർഡുകൾക്കുപകരം അർഹതയുള്ളവർക്ക് ബി.പി.എൽ. കാർഡുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ക്ലോസ്(ഡി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം – I**

| ആകെ കാർഡുകൾ | ആകെ ഗുണഭോക്താക്കൾ | എ.എ.വൈ | | പ്രയോറിറ്റി ഹൗസ് ഹോൾഡ്സ് | | മുൻഗണനേതര (സബ്സിഡി) | | മുൻഗണനേതര (നോൺ സബ്സിഡി) | | മുൻഗണനേതര സ്ഥാപനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | കാർഡുകൾ | ഗുണഭോക്താക്കൾ | കാർഡുകൾ | ഗുണഭോക്താക്കൾ | കാർഡുകൾ | ഗുണഭോക്താക്കൾ | കാർഡുകൾ | ഗുണഭോക്താക്കൾ | |
| 9268854 | 36278035 | 589565 | 2067003 | 3481215 | 13220671 | 2352622 | 9830058 | 2818313 | 11133164 | 27139 |

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം - II**</u>

| | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം | | | | |
|---|---|---|---|---|---|
| ഇനം | എ.എ.വൈ | മുൻഗണനാ വിഭാഗം(Priority) | മുൻഗണനേതര വിഭാഗം- സബ്സിഡി(NPS) | മുൻഗണനേതര വിഭാഗം-നോൺ സബ്സിഡി(NPNS) | മുൻഗണനേതര സ്ഥാപനം (NPI) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം (സൗജന്യമായി)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്തംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (2 രൂപ നിരക്കിൽ)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്തംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം. (4 രൂപ നിരക്കിൽ) | ഓരോ കാർഡിനും ലഭ്യതയനുസരിച്ച് അതാതു മാസം നിശ്ചയിക്കുന്ന തോതിൽ കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ | കാർഡൊന്നിന് 2 കി.ഗ്രാം (10.90 രൂപ നിരക്കിൽ) |
| ഗോതമ്പ് | ഓരോ കാർഡിനും 4 കി.ഗ്രാം (സൗജന്യമായി) | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം. (2 രൂപ നിരക്കിൽ) | ഇല്ല | | |
| ആട്ട | 1 കി.ഗ്രാം (6 രൂപ നിരക്കിൽ) | കാർഡൊന്നിന് 1 കി.ഗ്രാം (8 രൂപ നിരക്കിൽ) | കാർഡിന് ലഭ്യതയനുസരിച്ച് 2 കി.ഗ്രാം (17 രൂപ നിരക്കിൽ) | കാർഡിന് ലഭ്യതയനുസരിച്ച് 2 കി.ഗ്രാം (17 രൂപ നിരക്കിൽ) | കാർഡിന് ലഭ്യതയനുസരിച്ച് 1 കി.ഗ്രാം (17 രൂപ നിരക്കിൽ) |
| പഞ്ചസാര | കാർഡിന് 1 കി.ഗ്രാം വീതം (21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 6 ലിറ്ററും 3 മാസത്തിലൊരിക്കൽ ലിറ്ററിന് 102 രൂപ നിരക്കിൽ ലഭിക്കും. | | | | |

**സെക്ഷൻ ഓഫീസർ**